## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2947** **19.06.2014 ൽ മറുപടിക്ക്**

### ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പൊതു മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിയും നിർമ്മാണ പ്രവർത്തനത്തിന്റെ ഏത് ഘട്ടത്തിലാണെന്നും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതുവരെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തിരിച്ച് വിശദമാക്കാമോ; | എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നു വരുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദാക്കാമോ; | ബി) അയിലം പാലത്തിന്റെ നിർമ്മാണം 30.06.2014ന് മുൻപായി പൂർത്തീകരിക്കുവാൻ കരാറുകാരൻ സമ്മതിച്ചിട്ടുണ്ട് എന്നാൽ രണ്ട് സ്പാനിന്റെയും നദീതീര സംരക്ഷണ പദ്ധതിയുടെയും പണികൾ ബാക്കിയുള്ളതു കൊണ്ട് 03.12.2014 ന് മുൻപായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നിരത്തുകളും പാലങ്ങളും വിഭാഗം

**റോഡ്സ് സബ് ഡിവിഷൻ, ആറ്റിങ്ങൽ**

1) കഴൂർക്കോണം-ഗുരുനാഗപ്പൻകാവ് റോഡ് 0/00 മാതൽ 2/600 വരെ ഭരണാനുമതി 30/- കോടി ഇതിൽ 65/- ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടാറിംഗ് ജോലികൾ പുരോഗമിക്കുന്നു.
2) ഈരാണിമുക്ക് തലവിള റോഡ് 0/00 മുതൽ 0/800 വരെ 50/- ലക്ഷം രൂപ. സെലക്ഷൻ നോട്ടീസ് കൊടുത്തിട്ടുണ്ട്.
3) കാവിക്കട-കോഴൂർക്കോണം റോഡ് 0/00 മുതൽ0/800 വരെ 50 ലക്ഷം. ലവൽസ് അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.
4) ചെമ്പകശ്ശേരിഹോട്ടലിൽ - നെടുമ്പാറ റോഡ് 0/500 മുതൽ 0/600 വരെ 50/- ലക്ഷം. ലവൽസ് അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.
5) വട്ടപ്പാറ-കല്ലായിക്കോട്-മാവിള റോഡ് 1/600 മുതൽ 3/00 വരെ 50/- ലക്ഷം. ലവൽസ് അംഗീകാരത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

Pg. 13 Cd

**ബ്രിഡ്ജസ് സബ്ഡിവിഷൻ, തിരുവനന്തപുരം**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അയിലം പാലം നിർമ്മാണം**

നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. അയിലം ഭാഗത്തെ സ്പാൻ പൂർത്തീകരിച്ചു. പിയർ പി-2 -വിന്റെ ഫൗണ്ടേഷൻ പണികളും, അബട്ട്മെന്റ് എ-2 ഉം പൂർത്തീകരിച്ചു. ഈ പാലത്തിന്റെ നിർമ്മാണത്തിന് 540/- ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പാലത്തിന് ഇതുവരെ 2,38,41,002/- രൂപ ചെലവഴിച്ചു.

## കെട്ടിട വിഭാഗം

| പ്രവൃത്തി | ഘട്ടം | അനുവദിച്ച തുക | ചിലവഴിച്ച തുക |
|---|---|---|---|
| ആറ്റിങ്ങൽ സിവിൽ സ്റ്റേഷൻ രണ്ടാം ഘട്ടം | അന്തിമഘട്ടത്തിലാണ് | 400 ലക്ഷം | 27636074/- |
| ഗവ. ITI ആറ്റിങ്ങൽ അഡീഷണൽ ബ്ലോക്ക് ഒന്നാംഘട്ടം | പൂർത്തിയായി വരുന്നു | 99.35 ലക്ഷം | 2923863/- |
| ആറ്റിങ്ങൽ കോടതി സമുച്ചയം അഡീഷണൽ ബ്ലോക്ക് | മൂന്നാം നിലയുടെ സ്ലാബ് നിർമ്മാണം പുരോഗമിക്കുന്നു. | 280 ലക്ഷം | 2852550/- |
| വക്കം ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ വിപുലീകരണം | രണ്ടാം നില കോൺക്രീറ്റിംഗ് കഴിഞ്ഞു | 70 ലക്ഷം | ബിൽ തയ്യാറാക്കി വരുന്നു. |

Pg- 94